(ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പൊതുവിപണിയിൽനിന്ന് മരുന്ന് സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഗുണനിലവാരം ഇല്ലാത്തതായി കാണുന്ന മരുന്നുകളുടെ വിൽപ്പനയും ഉപയോഗവും മാദ്ധ്യമങ്ങൾ വഴി അറിയിപ്പ് നൽകി തടയുന്നു.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ ഹോമിയോ ഡിസ്പെൻസറി

161 (819)പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 2000-2001 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കണം എന്നത് സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

കായംകുളത്ത് ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കണമെന്ന ആവശ്യം

162 (820)ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന സ്ഥലങ്ങൾ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കായംകുളം മണ്ഡലത്തിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം 100 ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചതിൽ ഒന്നാംഘട്ടമായ 50 ഡിസ്പെൻസറികൾ ആരംഭിച്ചു കഴിഞ്ഞു. രണ്ടാം ഘട്ടമായ 50 ഡിസ്പെൻസറികൾ ഉടൻ ആരംഭിക്കുന്നതാണ്. 2000-2001 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഏതെല്ലാം സ്ഥലങ്ങളിൽ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കണം എന്നതു സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

1180/2010.

LIBRARY ARCHIVES Kerala Legislative Assembly